# കേരളസർവകലാശാല

നം.പി.ആർ.234/2022

## പത്രക്കുറിപ്പ്

### കേരളസർവകലാശാല
### ഒന്നാം വർഷ ബിരുദ പ്രവേശനം – 2022
### സ്പോട്ട് അലോട്ട്മെന്റ് നവംബർ 05–ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി./ ഐ.എച്ച്.ആർ.ഡി. കോളേജുകളിലെ ഒന്നാം വർഷ ബിരുദ കോഴ്സുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അലോട്ട്മെന്റ് നവംബർ 05–ാം തീയതി സെനറ്റ് ഹാൾ, കേരളസർവകലാശാല, പാളയത്ത് വച്ച് നടത്തുന്നു.

കൊല്ലം, ആലപ്പുഴ മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിനു ശേഷവും ഒഴിവുള്ള സീറ്റുകൾ തിരുവനന്തപുരം മേഖലയിലെ സ്പോട്ട് അലോട്ട്മെന്റിൽ നികത്തുന്നതാണ്. വിവിധ മേഖലകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടെ വിവരം, ഒഴിവുള്ള സീറ്റുകളുടെ വിവരം എന്നിവ സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കുന്നതാണ്.

### പരീക്ഷാഫലം

കേരളസർവകലാശാല 2022 മെയിൽ നടത്തിയ ആറാം സെമസ്റ്റർ ബി.കോം. കൊമേഴ്സ് ആന്റ് ടാക്സ് പ്രൊസീജിയർ ആന്റ് പ്രാക്ടീസ്, ബി.കോം. കൊമേഴ്സ് ആന്റ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് (സപ്ലിമെന്ററി – 2016 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 അഡ്മിഷൻ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ 2022 മാർച്ചിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എസ്സി. മേഴ്സിചാൻസ് (2013 അഡ്മിഷന് മുൻപ് – 2010, 2011, 2012 അഡ്മിഷൻ വിദ്യാർത്ഥികൾ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 15 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2022 മാർച്ചിൽ നടത്തിയ എം.ഫിൽ. എക്കണോമിക്സ് (2020 - 21 ബാച്ച്) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസപഠനകേന്ദ്രം നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്സി./എം.കോം. (റെഗുലർ – 2020 അഡ്മിഷൻ, സപ്ലിമെന്ററി – 2018 & 2019 അഡ്മിഷൻ, മേഴ്സിചാൻസ് – 2017 അഡ്മിഷൻ), നവംബർ 2022 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2022 ജൂണിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരി

ച്ചറിയൽ കാർഡും പ്രസ്തുത പരീക്ഷയുടെ ഹാൾടിക്കറ്റുമായി നവംബർ 7, 8, 9 തീയതികളിൽ റീവാല്യുവേഷൻ സെക്ഷനിൽ ഇ.ജെ.X (പത്ത്) എത്തിച്ചേരേണ്ടതാണ്.

## പരീക്ഷാഫീസ്

കേരളസർവകലാശാല ഡിസംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. (റെഗുലർ/സപ്ലിമെന്ററി/മേഴ്സിചാൻസ്) പരീക്ഷയ്ക്ക് പിഴ കൂടാതെ നവംബർ 15 വരെയും 150 രൂപ പിഴയോടെ നവംബർ 18 വരെയും 450 രൂപ പിഴയോടെ നവംബർ 21 വരെയും അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

തിരുവനന്തപുരം,
04.11.2022.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:** For queries **helpdesk@keralauniversity.ac.in, examhelpdesk1@keralauniversity, examhelpdesk2@keralauniversity**
**website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**